**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3702** | **26-10-2021 - ൽ മറുപടിയ്ക്ക്**

**ഇറച്ചി, മുട്ട ഇറക്കുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇറച്ചി, മുട്ട ഉൽപാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | A. ഇറച്ചി ഉല്പാദനത്തിലെ സ്വയംപര്യാപ്തത a) പോത്തുക്കുട്ടി വളർത്തൽ പദ്ധതി മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടികളെ കർഷകർ വളർത്തി വിൽക്കുന്നു. ആയതിലേയ്ക്കായി 10000/- രൂപയുടെ സബ്സിഡി ഗുണഭോക്താവിന് നൽകുന്നു. കാള/ പോത്തുക്കുട്ടി പദ്ധതിയ്ക്കായി2021-22 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. b) മുട്ടക്കോഴി പരിപാലന പദ്ധതി സംസ്ഥാനത്ത് മുട്ട, മാംസം, എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന പൗൾട്ടറി വികസന കോർപ്പറേഷൻ പല പദ്ധതികളും നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വില കൊടുത്ത് തിരിച്ച് വാങ്ങി സ്വന്തം പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴി ഇറച്ചിയും അനുബന്ധ ഉത്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. അതിനുപുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന ഈ ഫാമിൽ നിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസനം നടന്നു കൊണ്ടിരിക്കുകയാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിയ |

വിവിധ പദ്ധതികളിലൂടെ കേരളത്തിലെ മുട്ടയുത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. വനിതാമിത്രം പദ്ധതി നടപ്പാക്കാൻ താല്പര്യമുള്ള പഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. മുട്ടയുത്പാദനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികളുമായി ബന്ധപ്പെട്ട് കർഷകർക്ക് സൗജന്യമായിട്ടോ നാമമാത്രമായി ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടോ കോഴികൾ, തീറ്റ എന്നിവ നൽകുന്നുണ്ട്. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ജനകീയാസൂത്രണ പദ്ധതി വഴി ഒരു ഗുണഭോക്താവിനു 25 കോഴികുഞ്ഞുങ്ങൾ വരെ സൗജന്യമായി നൽകുന്നുണ്ട്. സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തുന്നതിലേയ്ക്കായി സ്കൂൾ വിദ്യാർത്ഥിനികൾക്ക് 5 മുട്ടകോഴികളെ വീതം നൽകി കൊണ്ട് പൗൾട്രി സ്കൂൾ ക്ലബ്ബ് എന്ന പേരിൽ സംസ്ഥാനത്തുടനീളം പദ്ധതി നടപ്പാക്കി വരുന്നു. ഇതിനായി നടപ്പ് വർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട് . B. മുട്ട ഉല്പാദനത്തിലെ സ്വയംപര്യാപ്തത a) പൗൾട്രി ഇൻഡസ്ട്രിയിൽ 15% വളർച്ചയാണ് കഴിഞ്ഞ ഒരു ദശാബ്ദത്തിൽ ഭാരതം കൈവരിച്ചത്. സമാനമായ പുരോഗതി ജനകീയാസൂത്രണ പദ്ധതികൾ വഴിയും സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ വഴിയും സംസ്ഥാനത്ത് കൈവരിക്കുവാൻ കഴിഞ്ഞുവെങ്കിലും മുട്ടയുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. നിലവിൽ മുട്ടയുത്പാദനത്തിൽ കേരളം ഇന്ത്യയിൽ ഒമ്പതാം സ്ഥാനത്താണ്. 1960-70 കാലഘട്ടത്തിൽ കേരളത്തിൽ ചെങ്ങന്നൂർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ നിന്നും മുട്ട കയറ്റുമതി ചെയ്തിരുന്നു. എന്നാൽ നിലവിൽ 300 കോടി കോഴിമുട്ടകളും 40 കോടി താറാവ് മുട്ടകളും പ്രതിവർഷം കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുകയാണ്. ഇതുവഴി 1500 കോടി രൂപ ഇതരസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു . ICMR നിർദ്ദേശ പ്രകാരം പ്രതി വർഷം മുതിർന്ന ഒരാൾക്ക് 180 എണ്ണം മുട്ടയും ഒരു കുട്ടിക്ക് 90 എണ്ണം മുട്ടയും ആവശ്യമാണ്. ആകെ ജനസംഖ്യയുടെ 20% കുട്ടികളായിരിക്കുമെന്ന് കണക്കാക്കുന്നു. അങ്ങനെ നോക്കുമ്പോൾ കേരളത്തിൽ ഒരു വർഷം ആകെ 529 കോടി മുട്ട ആവശ്യമാണെന്ന് കണക്കാക്കുന്നു . നിലവിൽ ആഭ്യന്തര മുട്ട ഉത്പാദനം 218.12 കോടി എണ്ണം ആണ്. ആവശ്യകതയും ഉത്പാദനവും തമ്മിൽ 310.88 കോടി മുട്ടയുടെ

| | | | |
|---|---|---|---|
| | | | വിടവുണ്ട്. നിലവിൽ ഈ ഉത്പാദനക്കുറവ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മുട്ട ഇറക്കുമതി ചെയ്യുന്നത് വഴിയാണ് പരിഹരിച്ചുവരുന്നത്. എന്നാൽ നയപരമായ ഇടപെടലുകൾ വഴി ഉത്പാദനം വർദ്ധിപ്പിക്കുകയാണെങ്കിൽ ചെറുകിട കർഷകരുടെയും വനിതകളുടെയും വരുമാനം വർദ്ധിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുകയും കൂടാതെ ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും സാധിക്കും . മുട്ടയുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾ പ്രവർത്തിക്കുന്നത്. അടുക്കളമുറ്റത്തെ കോഴി വളർത്തൽ (backyard poultry rearing) ശക്തിപ്പെടുത്തൽ, സർക്കാർ സബ്സിഡിയോടു കൂടി ചെറു ഫാമുകൾ സ്ഥാപിക്കുക വഴിയും മുട്ടയുത്പാദനത്തിൽ കേരളത്തിന് സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്. മുട്ടയുത്പാദനത്തിലെ ന്യൂനത പരിഹരിക്കുവാൻ പ്രതിവർഷം ഒരു ദിവസം പ്രായമായ 300 ലക്ഷം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് അധികമായി നൽകേണ്ടതായിട്ടുണ്ട് . |
| (ബി) | സംസ്ഥാനത്തെ ഇറച്ചി, മുട്ട എന്നിവയുടെ പ്രതിമാസ ഉപയോഗം, ഉല്പാദനം ഇവ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ ഇറച്ചി, മുട്ട എന്നിവയുടെ ഉപയോഗം സംബന്ധിച്ച കണക്ക് വകുപ്പിൽ ലഭ്യമല്ല. 2020-21 വർഷത്തെ സംസ്ഥാനത്തെ ഇറച്ചി, മുട്ട എന്നിവയുടെ ശരാശരി പ്രതിമാസ ഉൽപ്പാദനം സംബന്ധിച്ച കണക്ക് (പ്രൊവിഷണൽ) അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇറച്ചി, മുട്ട എന്നിവ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതാണെങ്കിൽ പ്രതിമാസം എത്രയാണ് ഇത്തരത്തിൽ വരുന്നതെന്നും ഏതൊക്കെ സംസ്ഥാനങ്ങളെയാണ് ഇതിനായി ആശ്രയിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | 2020-21 വർഷത്തിലെ ഇറച്ചി, മുട്ട എന്നിവയുടെ പ്രതിമാസ ഇറക്കുമതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇനം പ്രതിമാസം ഇറക്കുമതി ഇറക്കുമതി ചെയ്യുന്ന സംസ്ഥാനങ്ങൾ ചിക്കൻ 4,27,620 കി.ഗ്രാം തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് ബീഫ് 1,64,365 കി.ഗ്രാം പന്നിയിറച്ചി 2,01,162 കി.ഗ്രാം ആട്ടിറച്ചി 18,283കി.ഗ്രാം മുട്ട 55,87,090 എണ്ണം തമിഴ്നാട്, കർണാടക |
| (ഡി) | സംസ്ഥാനത്ത് ഒരാൾക്ക് ലൈസൻസ് ഇല്ലാതെ വളർത്താവുന്ന കോഴി, പന്നി, പശു എന്നിവയുടെ എണ്ണം എത്രയാണെന്നും ഇത് വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) | 2012 ൽ തദ്ദേശസ്വയംഭരണ വകുപ്പ് പുറത്തിറക്കിയിരിക്കുന്ന കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ കേരളത്തിൽ ഫാമുകൾക്ക് ലൈസൻസ് നൽകി വരുന്നത്. ഇതിൻ പ്രകാരം 5 കന്നുകാലികൾ, 20 ആടുകൾ, 5 പന്നികൾ, 25 മുയലുകൾ, 100 പക്ഷികൾ എന്നിവയിൽ കൂടുതൽ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. ഫാം ലൈസൻസിങ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | വിഷയങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിലാണ് വരുന്നത് . |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| 2020-21 വർഷത്തെ സംസ്ഥാനത്തെ ജില്ല തിരിച്ചുള്ള ശരാശരി പ്രതിമാസ ഇറച്ചി ഉൽപ്പാദനത്തിന്റെയും, മുട്ട ഉൽപ്പാദനത്തിന്റെയും കണക്ക് (പ്രൊവിഷണൽ) | | |
|---|---|---|
| ജില്ല | ശരാശരി പ്രതിമാസ ഇറച്ചി ഉൽപ്പാദനം (ടണ്ണിൽ) | ശരാശരി പ്രതിമാസ മുട്ട ഉൽപ്പാദനം (ലക്ഷത്തിൽ) |
| കാസറഗോഡ് | 1.473 | 45.12907 |
| കണ്ണൂർ | 2.177 | 83.94118 |
| വയനാട് | 0.800 | 55.26028 |
| കോഴിക്കോട് | 2.939 | 160.32657 |
| മലപ്പുറം | 7.898 | 228.98196 |
| പാലക്കാട് | 2.512 | 113.62469 |
| തൃശ്ശൂർ | 3.884 | 150.40728 |
| എറണാകുളം | 4.148 | 160.57251 |
| ഇടുക്കി | 1.574 | 64.25666 |
| കോട്ടയം | 2.189 | 117.73325 |
| ആലപ്പുഴ | 2.084 | 134.94841 |
| പത്തനംതിട്ട | 1.291 | 98.16025 |
| കൊല്ലം | 2.176 | 170.31578 |
| തിരുവനന്തപുരം | 2.213 | 230.33062 |

സെക്ഷൻ ഓഫീസർ